**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2436** **30-09-2025 - ൽ മറുപടിയ്ക്ക്**

**ചിറ്റൂർ മണ്ഡലത്തിലെ വില്ലൂന്നി പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ വകുപ്പിന്റെ കീഴിലുള്ളതും 2023-24 വർഷത്തെ ബജറ്റിൽ അനുവദിച്ചതുമായ ചിറ്റൂർ മണ്ഡലത്തിലെ വില്ലൂന്നി പാലം നിർമ്മാണത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (എ) | ചിറ്റൂർ മണ്ഡലത്തിലെ വില്ലൂന്നി പാലം നിർമ്മാണത്തിനായി തയാറാക്കിയ ഡി.പി. ആറിലെ ന്യൂനതകൾ പരിഹരിച്ച് നൽകുന്നതിനായി ചീഫ് എഞ്ചിനീയർ, പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തിരിച്ചയച്ചിട്ടുള്ളതും, ന്യൂനതകൾ പരിഹരിച്ച് ഡി.പി.ആർ ഉടൻ തന്നെ സമർപ്പിക്കുന്നതാണെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണമെന്താണെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയ്ക്കായി 2021-22ലെ R.K.I. ഫണ്ടിൽ ഒരു കോടി രൂപയാണ് അനുവദിച്ചിരുന്നത്. ഡി പി.ആർ. പ്രകാരം 4 കോടി രൂപ ആവശ്യമുള്ളതിനാൽ 2023-24 വർഷത്തെ ബജറ്റിൽ 3 കോടി രൂപ അധികമായി അനുവദിക്കുകയും 4 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തു. എന്നാൽ R.K.I. ഫണ്ടിനോടുകൂടി ബജറ്റ് ഫണ്ട് സംയോജിപ്പിക്കാൻ പറ്റില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ 3 കോടി രൂപയുടെ ബഡ്ജറ്റ് ഫണ്ടിനുള്ള ഡി.പി.ആർ.ഉം 1 കോടി രൂപയുടെ R.K.I. ഫണ്ടിനുള്ള ഡി.പി.ആർ.ഉം തയാറാക്കിവരുന്നതായി പാലക്കാട് ജില്ല എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| (സി) | 2018ലെ പ്രളയത്തിൽ തകർന്ന പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ടി പ്രവൃത്തിക്കുള്ള പ്രൊപോസൽ സർക്കാരിൽ ലഭിക്കുന്നമുറക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ